# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *328 | 14/03/2018-ൽ മറുപടിക്ക്

### രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, പി.ടി. തോമസ്**<br>**,, എം. വിൻസെന്റ്**<br>**,, അനൂപ് ജേക്കബ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** സംസ്ഥാനത്ത് ഒമ്പത് ജില്ലകളിൽ മലേറിയ കണ്ടെത്തിയെന്നും കോഴിക്കോട് ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ മന്ത് രോഗം വ്യാപകമാകുന്നുവെന്നും ഉള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** ഉണ്ട്. |
| **ബി)** രോഗം പകരാനുള്ള സാഹചര്യം ഒഴിവാക്കാനും അത് മുൻകൂട്ടി കണ്ടെത്തി പ്രതിരോധിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പാളിയത് കൊണ്ടാണ് ഇത്തരം രോഗങ്ങൾ വീണ്ടും ഉണ്ടാകുന്നതെന്നത് പരിഗണിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ? | **ബി)** സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഉള്ള ഐ.ഡി.എസ്.പി (സംയോജിത രോഗ നിരീക്ഷണ പരിപാടി) എൻ.വി.ബി.ഡി.സി.പി (ദേശീയ പ്രാണിജന്യരോഗനിയന്ത്രണ പരിപാടി) എന്നിവ വഴി മലമ്പനി, മന്ത് ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ മുൻകൂട്ടി കണ്ടുപിടിക്കുവാനും, ചികിത്സിക്കുവാനും പ്രതിരോധിക്കുവാനുമുള്ള സംവിധാനം ഉണ്ട്.ഈ സംവിധാനത്തിലൂടെ ആണ് തദ്ദേശീയരേയും ഇതര സംസ്ഥാനത്ത് നിന്നും കേരളത്തിൽ എത്തുന്നവരേയും നിരീക്ഷിച്ച് കാലെ കൂട്ടിയുള്ള രോഗനിർണ്ണയം നടത്തി ചികിത്സിച്ച് ഭേദമാക്കുന്നത്. ഇതര സംസ്ഥാനത്ത് നിന്നും ധാരാളംപേർ കേരളത്തിൽ എത്തുന്നതിനാൽ അവരിലൂടെ ഉള്ള രോഗവ്യാപനം തടയുന്നതിന് മൊബൈൽ ഇമിഗ്രന്റ് സ്ക്രീനിംഗ് ടീം ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ വിവിധ ജില്ലകളിൽ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കൊതുക് നിരീക്ഷണം, കൊതുക് നിയന്ത്രണം, ബോധവൽക്കരണം തുടങ്ങിയ കാര്യങ്ങൾ ഈ വർഷത്തെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി (ആരോഗ്യ ജാഗ്രത) യുടെ ഭാഗമായും നടത്തിവരുന്നുണ്ട്.<br>കോഴിക്കോട് ഇതരസംസ്ഥാന തൊഴിലാളികളിൽ മന്ത് രോഗാണുക്കളെ |

കണ്ടെത്തിയ സ്ഥലങ്ങളിൽ സോണൽ എന്റമോളജി യൂണിറ്റിന്റേയും ജില്ലാവെക്ടർ കൺട്രോൾ യൂണിറ്റിന്റേയും നേതൃത്വത്തിൽ കൊതുക് നിരീക്ഷണവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളും നടത്തി. തദ്ദേശീയർക്ക് മന്ത് രോഗം പകരാനുള്ള സാധ്യത നിലവിലില്ല എന്നാണ് ജില്ലാതല സർവേ സൂചിപ്പിക്കുന്നത്.

**സെക്ഷൻ ഓഫീസർ**